തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതം അനുവദിക്കുന്നതിന് നിലവിലുള്ള മാനദണ്ഡം

69 (1430)ശ്രീ. എം.വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതം അനുവദിക്കുന്നതിന് നിലവിലുള്ള മാനദണ്ഡം എന്തൊക്കെയാണെന്ന് വ്യക്ത മാക്കുമോ;

(ബി) പദ്ധതി വിഹിതത്തിന്റെ നിശ്ചിത ശതമാനം തുക വിനിയോഗി ക്കാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അടുത്തവർഷം അനുവദിച്ച പദ്ധതി തുകയിൽ കുറവു വരുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര സ്ഥാപന ങ്ങൾക്ക് ഈ വിധം തുക കുറച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) പദ്ധതി വിഹിതം പൂർണ്ണമായി വിനിയോഗിച്ച സ്ഥാപനങ്ങൾക്ക് അടുത്ത വർഷത്തെ പദ്ധതിവിഹിതത്തിൽ വർദ്ധനവ് നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അനുബന്ധം 1 ൽ ചേർത്തിട്ടുണ്ട്.†

(ബി) 1999-2000 വർഷത്തിൽ ഏകദേശം 1005 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ കുറവ് വരുത്തിയിട്ടുണ്ട്.

(സി) തീരുമാനിച്ചിട്ടില്ല.

പഞ്ചായത്ത് നഗരപാലികാ സ്ഥാപനങ്ങൾക്ക് നൽകിയ പദ്ധതി വിഹിതം

70 (1431) ശ്രീ. ആര്യാടൻ മുഹമ്മദ് :
ശ്രീ. പി.പി. തങ്കച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) 1997-98, 1998-99 എന്നീ വർഷങ്ങളിൽ ത്രിതല പഞ്ചായത്തു കൾക്കും നഗരപാലികാ സ്ഥാപനങ്ങൾക്കും വാർഷിക പദ്ധതിയിൽ എത്ര തുക വകയിരുത്തിയിരുന്നു;

(ബി) ഇതിൽ എത്ര തുക ഓരോ വർഷവും ചെലവായിട്ടുണ്ട്;

(സി) ഈ ഓരോ വർഷവും വാർഷിക പദ്ധതിയിൽ ലക്ഷ്യമിട്ടിരുന്ന ഫിസിക്കൽ ടാർജറ്റ് നേടിയിട്ടുണ്ടോ;

(ഡി) ഓരോ വർഷവും ഫിസിക്കൽ ടാർജറ്റ് എത്ര ശതമാനം കൈവ രിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഇ) 1999-2000-വർഷത്തെ വാർഷിക പദ്ധതിയുടെ അടങ്കൽ തുക എത്രയായിരുന്നു;

(എഫ്)ഇതിൽ 1999 ഡിസംബർ 31 വരെ തദ്ദേശ സ്വയംഭരണ സ്ഥാപന ങ്ങൾ എത്ര ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ?

---

† അനുബന്ധം - VI

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1997-98, 1998-99 വർഷങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് യഥാക്രമം 1025/- കോടി രൂപയും 1116/- കോടി രൂപയുമാണ് വകയിരുത്തിയിരുന്നത്. ഇതിൽ 1997-98-ൽ 749 കോടി രൂപയും 1998-99ൽ 950 കോടി രൂപയും പദ്ധതി ഗ്രാന്റായിട്ടാണ് നൽകിയിട്ടുള്ളത്.

(ബി) തദ്ദേശ സ്ഥാപനങ്ങളുടെ ചെലവ് കണക്കാക്കുന്ന പ്രക്രിയ പൂർത്തിയായിട്ടില്ല.

(സി) ഉണ്ട്.

(ഡി) കൈവരിച്ച ഫിസിക്കൽ ടാർജറ്റിന്റെ ശതമാനം കണക്കാക്കിയിട്ടില്ല.

(ഇ) 1154.40 കോടി രൂപ.

(എഫ്) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ചെലവ് കണക്കാക്കുന്ന പ്രക്രിയ പൂർത്തിയായിട്ടില്ല.

പദ്ധതി വിഹിതം പൂർണ്ണമായും ചെലവാക്കാത്ത പഞ്ചായത്തുകൾ

71 (1432)ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ജനകീയാസൂത്രണ പദ്ധതിയിൽ കഴിഞ്ഞവർഷം പദ്ധതി വിഹിതം പൂർണ്ണമായും ചെലവഴിച്ച ത്രിതല പഞ്ചായത്തുകൾ ഏതെല്ലാം;

(ബി) 50 ശതമാനത്തിനും 25 ശതമാനത്തിനും ഇടയിൽ ചെലവഴിച്ച എത്ര പഞ്ചായത്തുകൾ ഉണ്ട്.

(സി) ആകെ ചെലവഴിക്കാത്ത സംഖ്യ എത്ര;

(ഡി) ഇതിന്റെ ജില്ലാ ബ്ലോക്ക് ഗ്രാമതല ലിസ്റ്റ് നൽകുമോ;

(ഇ) സ്പിൽ ഓവർ പദ്ധതികളുടെ നടത്തിപ്പിന് പ്രത്യേക മാർഗ്ഗ നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ അവ ഏതെല്ലാമാണ്;

(എഫ്) പദ്ധതി നിർവ്വഹണത്തിനുള്ള തടസ്സങ്ങളായി പ്ലാനിംഗ് കമ്മീഷനോ മറ്റ് ഏജൻസികളോ ചൂണ്ടിക്കാണിച്ച വസ്തുതകൾ എന്തെല്ലാം എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ജില്ലാ ബ്ലോക്കു പഞ്ചായത്തുകളിൽ ഒരു പഞ്ചായത്തും പദ്ധതി വിഹിതം പൂർണ്ണമായും ചെലവഴിച്ചിട്ടില്ല. ഗ്രാമ പഞ്ചായത്തുകളിൽ പുത്യക്ക, അഴിക്കോട് എന്നിവയാണ് പൂർണ്ണമായും പദ്ധതി വിഹിതം ചെലവഴിച്ച പഞ്ചായത്തുകൾ.

(ബി) 35 ബ്ലോക്കു പഞ്ചായത്തുകളും 224 ഗ്രാമപഞ്ചായത്തുകളുമാണ് 50%നും 25% നും ഇടയിൽ പദ്ധതി വിഹിതം ചെലവഴിച്ചത്.

(സി)&(ഡി) അവസാന കണക്കുകൾ തിട്ടപ്പെടുത്തിവരുന്നതേയുള്ളു.

LIBRARY ARCHIVES Kerala Legislative Assembly